## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 666 | 09.02.2016-ൽ മറുപടിയ്ക്ക്

### പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയുടെ സമഗ്ര വികസനം


ചോദ്യം
ശ്രീ.കെ.വി.വിജയദാസ്

മറുപടി
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)


| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയുടെ സമഗ്ര വികസനം സംബന്ധിച്ച് എന്റെ അപേക്ഷയിന്മേൽ മന്ത്രി വിളിച്ചുചേർത്ത 17.12.2014-ലെ യോഗത്തിന്റെ തീരുമാനങ്ങളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | പാലക്കാട് പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയുടെ സമഗ്ര വികസനത്തിനായി ബഹു.പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ നിയമസഭാ സമുച്ചയത്തിലെ ചേമ്പറിൽ 17.12.2014-ൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 16 പേർക്ക് അഡീഷണൽ ട്രൈബൽ സബ്പ്ലാൻ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി വീടിന്റെ ഒന്നാം ഗഡു തുക അനുവദിച്ചിട്ടുണ്ട്.<br>നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയിൽ റോഡ് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>ടി കോളനയിൽ പ്രൊമോട്ടർമാരായി ജോലി ചെയ്യുന്നതിന് സന്നദ്ധരായവരില്ലാത്തതിനാൽ മറ്റ് കോളനിയിൽ നിന്നും താല്പര്യമുള്ളവരെ പ്രൊമോട്ടർമാരായി നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>വനം, എക്സൈസ്, ആരോഗ്യം, പഞ്ചായത്ത് എന്നീ വകുപ്പുകളുടെ സാന്നിദ്ധ്യത്തിൽ |

| | | | |
|---|---|---|---|
| | | | മദ്യം, മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ആരോഗ്യ സംബന്ധമായ ബോധവൽക്കരണ ക്ലാസുകൾ നടത്തിയിട്ടുണ്ട്. ടി കോളനിയിലെ കുട്ടികൾക്കായി ഗോത്രസാരഥി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ടി കോളനിയിലുള്ള 19 പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത യോഗം കഴിഞ്ഞ് മാസങ്ങളായിട്ടും പ്രസ്തുത വിഷയത്തിൽ നാളിതുവരെ നടപടി സ്വീകരിക്കാത്തത് ഗൗരവതരമായി കാണുമോ; | ബി) | പ്രസ്തുത വിഷയത്തിൽ മേൽ പ്രസ്താവിച്ച പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | ഇക്കാര്യത്തിൽ വീഴ്ച പറ്റിയിട്ടുണ്ടോ; എങ്കിൽ ആയതിന് ഉത്തരവാദികളായിട്ടുള്ളവർക്കെതിരെ നടപടി സ്വീകരിക്കുമോ? | സി) | വീഴ്ച പറ്റിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Hariprya

സെക്ഷൻ ഓഫീസർ